DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

06-02-2020

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കൊല്ലം ജില്ലയിലെ തൃക്കടവൂർ കൃഷിഭവനിൽ നിന്നും ഇന്ന് വിവിധ ഇനം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നു. പച്ചക്കറി തൈകൾ ആവശ്യമുള്ളവർ കൃഷി ഭവനുമായി ബന്ധപ്പെടുക.

## പച്ചക്കറി വിത്ത് ഓൺലൈനിൽ

www.vfpckonlne.com എന്ന വെബ്സൈറ്റിൽ നിന്നു പച്ചക്കറി വിത്ത് ഓൺലൈനായി വാങ്ങാം. പലതരം വിത്തുകളടങ്ങിയ 5 ഗ്രാം, 2 ഗ്രാം, 10 ഗ്രാം, 50 ഗ്രാം പാക്കറ്റുകൾ പടവലം, ചീര, കുമ്പളം, വെണ്ട, വഴുതന, പയർ, വള്ളിപ്പയർ, മുളക്, മത്തൻ, പീച്ചിങ്ങ, വെള്ളരി, അമരപ്പയർ, നാടൻ പച്ചക്കറിയിനങ്ങൾ എന്നിവയും ഓൺലൈനിൽ ലഭ്യമാണ്.

## അറിയിപ്പ്

സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യയുടെ ഇറച്ചി വിൽപനശാല തുടങ്ങാൻ 3 ലക്ഷം രൂപ ചിലവിൽ ഉള്ള സ്കീം എം.പി.ഐ വഴി

നടത്താൻ ഉദ്ദേശിക്കുന്നു. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കാനുള്ള അപേക്ഷ ഫെബ്രുവരി 15 വരെ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അസി. മാനേജർ -മാർക്കറ്റിങ്ങ്, എം.പി.ഐ. ലിമിറ്റഡ്, ഇടയാർ പി.ഒ., കൂത്താട്ടുകുളം എന്ന വിലാസത്തിലോ 9447207727 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## റബ്ബർ ടാപ്പർമാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് ഫെബ്രുവരി മാസം 07-വരെ പുതുക്കാം

അസംഘടിതമേഖലയിലെ റബ്ബർ ടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് 2013 - 2016 വർഷങ്ങളിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ പോളിസികൾ ഫെബ്രുവരി 07-ാം തീയതിക്ക് മുമ്പായി പുതുക്കേണ്ടതാണ്. പോളിസി പുതുക്കാൻ ആഗ്രഹിക്കുന്നവർ സമീപത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ പ്രീമിയം തുക അടയ്ക്കേണ്ടതാണ്. മുന്നൂറു രൂപയാണ് ഏറ്റവും കുറഞ്ഞ പ്രീമിയം തുക. മണിയോർഡർ സ്വീകരിക്കുന്നതല്ല. നിശ്ചിതസമയത്തിനുള്ളിൽ പോളിസി പുതുക്കാത്തവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നഷ്ടപ്പെടുന്നതാണ്. പോളിസി പുതുക്കുന്നതുമായി ബന്ധപ്പെട്ടുള്ള കത്ത് എല്ലാ അംഗങ്ങൾക്കും റബ്ബർബോർഡിൽ നിന്നും അയച്ചിട്ടുണ്ട്. കത്ത് ലഭിക്കാത്തവർ ഇത് ഒരു അറിയിപ്പായി കണക്കാക്കണം.

## പരിശീലനം

ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി മാസം വിവിധ വിഷയങ്ങളിൽ സൗജന്യ പരിശീലനം നൽകുന്നു. ആലുവ

നേതാജി റോഡിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12,13 തീയതികളിൽ കറവപ്പശു പരിപാലനം 18ന് താറാവ് വളർത്തൽ, എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0484-2631355 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിലെ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## കാർഷിക കോളേജ് വെള്ളായണിയിൽ ദ്വിദിന പരിശീലന പരിപാടികൾ

വെള്ളായണി കാർഷിക കോളേജ്, ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി മാർച്ച് മാസങ്ങളിലായി അടുക്കളത്തോട്ടം, പഴം പച്ചക്കറി സംസ്ക്കരണം, സംയോജിത കൃഷി രീതികൾ, കര നെൽ കൃഷി, കൂൺ കൃഷി, ബഡ്ഡിങ് ആന്റ് ലയറിംഗ്, തേനീച്ച വളർത്തൽ, സൂക്ഷ്മ ജലസേചനം, ബോൺസായി ആന്റ് ടെറേറിയം, പൂന്തോട്ട നിർമ്മാണം, മാലിന്യ സംസ്ക്കരണം , മത്സ്യ കൃഷി എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ദ്വിദിന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ടു ദിവസത്തെ പരിശീലനത്തിന് 500/ രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 9495118208.

# പരിശീലനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് 2020 ഫെബ്രുവരി 6,7 തീയതികളിൽ 'ശുദ്ധജല മത്സ്യ കൃഷി' എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1050 രൂപ രജിസ്ട്രേഷൻ ഫീസോടെ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487-2370773 എന്ന നമ്പരിൽ ബന്ധപ്പെടുക.